മാതൃഭൂമി
21 January 2017

# സമുദ്രത്തിലെ പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ 'മത്സ്യങ്ങളുടെ ശ്മശാനം'

കൊച്ചി: സമുദ്രത്തിലെ പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ സി.എം.എഫ്.ആർ.ഐ., കൊച്ചി കപ്പൽശാലയുടെ സഹകരണത്തോടെ 'മത്സ്യങ്ങളുടെ ശ്മശാനം' എന്ന പേരിൽ ആർട്ട് ഇൻസ്റ്റലേഷൻ ഒരുക്കിയതായി സി.എം.എഫ്.ആർ.ഐ. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കൃപ പത്ര സമ്മേളനത്തിൽ പറഞ്ഞു. ഫോർട്ട്കൊച്ചി സൗത്ത് ബീച്ചിൽ ഒരുക്കിയ ഇൻസ്റ്റലേഷൻ ശനിയാഴ്ച 6.30 ന് മേയർ സൗമിനി ജെയിൻ ഉദ്ഘാടനം ചെയ്യും. 25,00 ചതുരശ്ര അടി വിസ്തൃതിയിൽ 13 അടി ഉയരത്തിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്.



സമുദ്രത്തിലെ പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ സി.എം.എഫ്.ആർ.ഐ., കൊച്ചി കപ്പൽശാലയുടെ സഹകരണത്തോടെ നിർമിച്ച ആർട്ട് ഇൻസ്റ്റലേഷൻ-മത്സ്യങ്ങളുടെ ശ്മശാനം

മനോജ് ബ്രഹ്മമംഗലം, പ്രമോദ് ഗോപാലകൃഷ്ണൻ എന്നിവർ ചേർന്നാണിതിന്റെ നിർമാണം. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന ആന്റണി ഫെലിക്സ്, അജികുമാർ എന്നിവരാണ് ബോധവത്കരണ പരിപാടികളുടെ ആശയവും രൂപവത്കരണവും നിർവഹിച്ചിരിക്കുന്നത്.

പ്രതിവർഷം ഏകദേശം ഏഴ് ബില്യൺ ടൺ പ്ലാസ്റ്റിക് മാലിന്യമാണ് കടലിൽ എത്തുന്നത്. കൊച്ചി കപ്പൽശാലാ ജനറൽ മാനേജർ എം.ഡി. വർഗീസ്, പ്രിൻസിപ്പൽ ശാസ്ത്രജ്ഞൻ ഡോ. ശ്യാം എസ്. സലീം എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.